സിങ്, ബി. ജി. വർഗീസ് തുടങ്ങിയ പത്രപ്രവർത്തകരും ഡോ. ജലാലുദ്ദീൻ പോലെയുള്ള പണ്ഡിതന്മാരും പിന്തുണ വാഗ്ദാനംചെയ്യുന്നതായും കാണുന്നു.

സമ്മേളനം കഴിഞ്ഞ് നൂറു പ്രതിനിധികൾ അടങ്ങിയ ഒരു നിവേദക സംഘം ആഗസ്റ്റ് 17–ന് ഉപരാഷ്ട്രപതി ശങ്കർദയാൽശർമ്മയെ ചെന്നു കണ്ടു. ജനകീയ സംസ്കൃതപ്രസ്ഥാനത്തിലെ സ്വയംസേവകരുടെ പ്രവർത്തനങ്ങളെ ഉപരാഷ്ട്രപതി ശ്ലാഘിച്ചു. ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനഫലമായി പന്ത്രണ്ടു സംസ്ഥാനങ്ങളിലായി തൊണ്ണൂറായിരത്തോളം പേർ ഇതിനകം സംസ്കൃതത്തിലേക്ക് ആകൃഷ്ടരായിട്ടുണ്ടെന്നറിഞ്ഞ് ഉപരാഷ്ട്രപതി അത്യന്തം സന്തോഷിച്ചു. സംസ്കൃതത്തിന്റെ സാംസ്കാരികവും സാഹിത്യപരവുമായ പ്രാധാന്യം അദ്ദേഹം ഊന്നിപ്പറഞ്ഞു.

ഇന്ത്യയിൽ സംസ്കൃതഗവേഷണത്തിലും ദേശീയവും മതനിരപേക്ഷവുമായ ഒരു സാംസ്കാരികപ്രസ്ഥാനമെന്ന നിലയിൽ സംസ്കൃതപ്രചാരണത്തിലും ഏർപ്പെട്ടിരിക്കുന്ന എല്ലാ സംഘടനകളോടും പ്രസ്ഥാനങ്ങളോടും സഹകരിക്കുമെന്നുള്ള സന്നദ്ധത ജനകീയ സംസ്കൃതപ്രസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറി ശ്രീ സദാനന്ദ് ദീക്ഷിത് സംസ്കൃതോത്സവാവസാനത്തിൽ പ്രഖ്യാപിച്ചു. സംസ്കൃതത്തിൽ നാടകപ്രസ്ഥാനവും സിനിമാപ്രസ്ഥാനവും പ്രോത്സാഹിപ്പിക്കുക ഓരോ സംസ്ഥാനതലസ്ഥാനത്തിലും സംസ്കൃതസംഭാഷണോത്സവങ്ങൾ സംഘടിപ്പിക്കുക എന്നിവയാണ് ജനകീയ സംസ്കൃത പ്രസ്ഥാനം 1990–ൽ നിർവഹിക്കാൻ ഉദ്ദേശിക്കുന്ന മററു ചില പരിപാടികൾ.

സംസ്കൃതം ഒരു നിർബന്ധിത പാഠ്യവിഷയമാക്കണമെന്ന് ആവശ്യപ്പെടുന്ന പ്രമേയം കേരളത്തിലെ സംസ്കൃതാദ്ധ്യാപകരുടെ സംഘടനകൾ കൂടെക്കൂടെ യോഗം ചേർന്നു പാസ്സാക്കാറുണ്ട്. സംസ്കൃതമെന്നല്ല ഒരു ഭാഷയും ആരെയും നിർബന്ധിച്ചു പഠിപ്പിക്കാനാവില്ല. ഒരു സാംസ്കാരിക ഭാഷയെന്ന നിലയിൽ സംസ്കൃതം പഠിക്കാനുള്ള താല്പര്യം ബഹുജനങ്ങളിൽ ഉദ്ദീപിപ്പിക്കാനാണ് സംസ്കൃത പ്രണയികൾ ശ്രമിക്കേണ്ടത്. ദില്ലി സംസ്കൃതോത്സവ പരിപാടികൾ ഈ സാഹചര്യത്തിൽ വളരെയധികം പ്രാധാന്യം അർഹിക്കുന്നവയാണ്.

(വിവരങ്ങൾക്ക് ആഗസ്റ്റ് 20–ാം തീയതിലെ 'ടൈംസ് ഓഫ് ഇന്ത്യയോട്' കടപ്പാട്)

## 12. ചിഹ്നനം (Punctuation)

പരിചയമില്ലാത്ത എഴുത്തുകാർ വേണ്ടതിലധികം ചിഹ്നങ്ങൾ ഉപയോഗിക്കാറുണ്ട്. ഒററ വാക്കുകളെ ഉദ്ധാരണങ്ങൾക്കുള്ളിലാക്കുക, വേണ്ടാത്തിടത്തു കോമ, സെമികോളൻ, കോളൻ, ഹൈഫൻ, ഡാഷ് എന്നിവ ഉപയോഗിക്കുക, വേണ്ടുന്നിടത്ത് ഇവ ഉപയോഗിക്കാതിരിക്കുക, ഇതെല്ലാം അവിദഗ്ദ്ധരായ എഴുത്തുകാരുടെ രചനകളിൽ ധാരാളം കാണാം.

അർത്ഥം വ്യക്തമാക്കാനുള്ളവയാണ് ചിഹ്നങ്ങൾ. ആവശ്യമുള്ളിടത്തുമാത്രമേ അവ ഉപയോഗിക്കാവൂ. വേണ്ട പദങ്ങൾ വേണ്ട സ്ഥാനങ്ങളിൽ വിന്യസിച്ചാൽ ചിഹ്നങ്ങളുടെ ഉപയോഗം പരമാവധി കുറയ്ക്കാം. ഒരു ചിഹ്നമില്ലാതെതന്നെ അർത്ഥം വിശദമാവുന്നിടത്തു ചിഹ്നം ഉപയോഗിക്കരുത്.

1. പൂർണവിരാമം (പീരിയേഡ്, ബിന്ദു.) അത്യാവശ്യമായ ഒരു ചിഹ്നമാണ് ഇത്. വാക്യം പൂർത്തിയായി എന്ന് ഈ ചിഹ്നം കാണിക്കുന്നു. സംക്ഷേപണങ്ങളെ കാണിക്കാനും പൂർണ്ണവിരാമം ഉപയോഗിക്കുക. ഇതിനു

കോളൻ ഉപയോഗിക്കരുത്. ഉദാഹരണം: ഡോ.(ഡോക്ടർ), എൻജി. (എൻജിനീയർ), മി. (മിസ്റ്റർ).

2. അല്പവിരാമം (കോമ): 'അല്പം നിറുത്തുക' എന്ന സൂചനയാണ് കോമ നൽകുന്നത്. കോമ ഇടാതെ അർത്ഥം വ്യക്തമാവുമെങ്കിൽ കോമ ഉപയോഗിക്കാതിരിക്കുക. 'ഉം' എന്ന സമുച്ചയം (രാമനും കൃഷ്ണനും ഗോവിന്ദനും) 'ഓ' എന്ന വികല്പം (രാമനോ കൃഷ്ണനോ ഗോവിന്ദനോ) എന്നിവയുള്ളപ്പോൾ ഓരോ പദത്തിനുംശേഷം കോമ വേണ്ട.

3. അർദ്ധവിരാമം (സെമികോളൻ): 'പകുതി നിറുത്തുക' എന്ന സൂചനയാണ് അർദ്ധവിരാമം നൽകുന്നത്. അർദ്ധവിരാമം ഉപയോഗിക്കുന്ന മിക്ക സ്ഥലങ്ങളിലും പൂർണവിരാമം ഉപയോഗിക്കുകയാവും കൂടുതൽ ഭംഗി. പൂർണ്ണവിരാമം ഉപയോഗിക്കാൻ കഴിയാത്തവിധം പരസ്പരം ബന്ധപ്പെട്ട വാക്യങ്ങളുടെയോ വാക്യാംശങ്ങളുടെയോ നടുവിൽ മാത്രമേ അർദ്ധവിരാമം ചേർക്കാവൂ.

4. കോളൻ: മുമ്പു പറഞ്ഞതിനെ വിവരിക്കേണ്ടിവരുമ്പോൾ കോളൻ ഉപയോഗിക്കുന്നു. സംക്ഷേപണത്തെ കുറിക്കാൻ കോളൻ ഉപയോഗിക്കാറുണ്ട്. ഇതു ശരിയല്ല.

5. ഹൈഫൻ (ഹ്രസ്വരേഖ): അപ്പുറത്തും ഇപ്പുറത്തുമുള്ള പദങ്ങളുടെ അർത്ഥത്തെ ഏകീകരിക്കുകയാണ് ഹൈഫൻ ചെയ്യുന്നത്. ഇംഗ്ലീഷ്ഭാഷയിലുള്ള സമാസങ്ങൾക്കിടയ്ക്ക്, ഔചിത്യംപോലെ ഹൈഫൻ ഉപയോഗിക്കുക. ഉദാ: ബുക്ക്—കീപ്പിങ്, ഷോർട്ട്—ഹാൻഡ്, 'ജാതി—മത—സമുദായ—പരിഗണനകൂടാതെ'എന്നിങ്ങനെ മലയാളത്തിലും ഹൈഫൻ ചിലപ്പോൾ ഉപയോഗിക്കാറുണ്ട്.

6. ഡാഷ് (ദീർഘരേഖ): ഹൈഫന്റെ ഇരട്ടി നീളമുള്ള വരയാണ് ഡാഷ്. ഇതു് അപ്പുറത്തും ഇപ്പുറത്തുമുള്ള പദങ്ങളെ അകററുന്നു. വാക്യത്തിന്റെ നടുവിൽ പെട്ടെന്ന് ഒരു വ്യത്യസ്തചിന്ത തള്ളിക്കയറുന്നതു കാണിക്കുകയാണ് ഈ ചിഹ്നത്തിന്റെ ജോലി. ഹൈഫൻ, ഡാഷ് എന്നിവയുടെ ഉപയോഗം പരമാവധി ചുരുക്കുന്നതാണു ഭംഗി.

7. ഉദ്ധാരണചിഹ്നം (ക്വൊട്ടേഷൻ): ഉദ്ധാരണം സൂചിപ്പിക്കാൻ ഇരട്ട ക്വോട്ട് ഉപയോഗിക്കുക, ഉദ്ധാരണത്തിന്നകത്തെ ഉദ്ധാരണം സൂചിപ്പിക്കാൻ ഒററ ക്വോട്ടും. ഒരേ ഉദ്ധാരണം പല ഖണ്ഡികകളിലായി തുടരുമ്പോൾ എല്ലാ ഖണ്ഡികകളുടേയും തുടക്കത്തിലും അവസാനഖണ്ഡികയുടെ അവസാനത്തിലും ഉദ്ധാരണചിഹ്നം നൽകുക. പേരുകളും വിദേശഭാഷാപദങ്ങളും ഉദ്ധാരണചിഹ്നംകൊണ്ടു സൂചിപ്പിക്കാതെ കഴിയുമെങ്കിൽ ഇററാലിക്സ്, ബോൾഡ് മുതലായ വ്യത്യസ്തലിപികൾകൊണ്ടു സൂചിപ്പിക്കുക.

അച്ചടിയിൽ പദവിന്യാസം കൃത്യതയും ഏകരൂപതയും ഉള്ളതാവണം. അതു കാഴ്ചയിൽ ആഹ്ളാദകരമായിരിക്കണം. അതേ സമയം വ്യാകരണനിയമങ്ങളെ വിലംഘിക്കുകയും അരുത്. മലയാളത്തിലെ അച്ചടിയിൽ ഏകരൂപത ഒരുകാലത്തുമുണ്ടായിരുന്നില്ല. ത്വരിതഗതിയിൽ മാറിക്കൊണ്ടിരിക്കുകയാണ് നമ്മുടെ ഭാഷ. ആധുനികവിജ്ഞാനത്തിന്റെ വാഹകം, ഉപരിവിദ്യാഭ്യാസത്തിന്റെയും ഭരണത്തിന്റെയും മാധ്യമം എന്നീ നിലകളിൽ അതു വളരെ വേഗം വികസിച്ചുകൊണ്ടിരിക്കുന്നു. അച്ചെഴുത്ത്, ചുരുക്കെഴുത്ത്, ടെലിപ്രിൻറർ, മെഷീൻകംപോസിങ്, ടെലിടൈപ്റൈററിങ് മുതലായ പുതിയ സങ്കേതങ്ങൾ അവയുടേതായ ബാധ്യതകൾ ഭാഷയുടെമേൽ ചുമത്തിക്കൊണ്ടിരിക്കുകയാണ്. അതിനാൽ അച്ചടിയിൽ ലിപി—പദ—വാക്യവിന്യാസങ്ങൾ സംബന്ധിച്ച നിയമങ്ങൾക്ക സാർവത്രികതയോ പാര്യന്തികതയോ ലഭിക്കാൻ പ്രയാസമാകുന്നു. എങ്കിലും ഒരു നിയമവുമില്ലാതെ മുന്നോട്ടു പോകാൻ അസാധ്യമാണ്. സംശയം തോന്നുമ്പോൾ അംഗീകൃതങ്ങളായ നിഘണ്ടുക്കളെയും വ്യാകരണഗ്രന്ഥങ്ങളെയും പ്രമാണമാക്കേണ്ടതാണ്.